ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ ഇന്നലെ നിയമസഭയിൽ ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ പ്രസംഗിക്കുമ്പോൾ മുൻമുഖ്യമന്ത്രിയായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ മകനുമായി ബന്ധപ്പെട്ട് ഇവിടെ വിഷയം ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയമനത്തെ സംബന്ധിച്ചുള്ള ഒരു പ്രശ്നത്തിൽ വിജിലൻസ് അന്വേഷണവും ആവശ്യപ്പെട്ടിരുന്നു. ഇന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഞാൻ സഭയിൽ ഇല്ലാതിരുന്ന സമയത്ത്, ഞാൻ ആ ആക്ഷേപം പിൻവലിച്ച് മാപ്പുപറയണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. ഞാൻ ആ ആരോപണത്തിൽ ഉറച്ചുനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വിവരങ്ങൾ പുറത്തുവന്നപ്പോൾ അതിൽനിന്നും ഒളിച്ചോടുന്നതിനുവേണ്ടിയാണ് അദ്ദേഹം ഇത്തരത്തിൽ ഒരു പരാമർശം നടത്തിയിട്ടുള്ളത്. ഇതിൽ അന്വേഷണമാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. ഞാൻ വിജിലൻസ് അന്വേഷണമാണ് ആവശ്യപ്പെട്ടത്. അദ്ദേഹം നിയമസഭാ കമ്മിറ്റി അന്വേഷിക്കണമെന്ന് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഏത് അന്വേഷണമാണെങ്കിലും എന്റെ കൈവശമുള്ള രേഖകളെല്ലാം നൽകി ആ അന്വേഷണവുമായി സഹകരിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ എന്റെ ആരോപണത്തിൽ ഉറച്ചുനിൽക്കുകയാണ്.

## VIII റൂളിംഗ്

മി. സ്പീക്കർ : പ്രതിപക്ഷനേതാവ് പറഞ്ഞു അത് കേൾക്കാതെ മറുപടി പറയാൻ പറ്റില്ലല്ലോ; ഞാൻ പറഞ്ഞതല്ലോ; റൂളിംഗ് വരികയാണ്. സാധാരണഗതിയിൽ ഒരാൾ പറഞ്ഞുകഴിഞ്ഞാൽ അതിന് മറുപടി പറയണ്ടേ ? മി. ഹംസ, ഇതിന് ചട്ടവും വകുപ്പുമെല്ലാമുണ്ട്. ഓർഡർ.... ഓർഡർ.....

ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് പ്രതിപക്ഷനേതാവിന് ചെയർ ഇന്ന് അവസരം നൽകിയിരുന്നു. പ്രതിപക്ഷനേതാവ് നൽകിയ വിശദീകരണത്തിൽ തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഉറച്ചുനിൽക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെവച്ച് ഇതേപ്പറ്റി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥ് പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്ന സാഹചര്യത്തിലും പ്രതിപക്ഷനേതാവ് തന്നെ തനിക്കെതിരെ ഉയർന്ന ആരോപണങ്ങളിൽ നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഈ ആരോപണങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക നിയമസഭാ കമ്മിറ്റി രൂപീകരിക്കുവാൻ ചെയർ തീരുമാനിക്കുന്നു. സമിതിയുടെ ഘടന സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)

******** ——————— ********

LIBRARY ARCHIVES Kerala Legislative Assembly